**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ആസ്തി വികസന പദ്ധതി (എൽ.എ.സി-എ.ഡി.എസ് 2015-2016) - കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ ശ്രീ. ടി.വി രാജേഷ് അവർകളുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പിലാത്തറയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭരണാനുമതി - പഞ്ചായത്തിന്റെ നിലവിലുള്ള സ്റ്റേഡിയം ഗ്രൌണ്ടിൽ സ്ഥിതി ചെയ്യുന്ന പഴയ സ്റ്റേജ് കെട്ടിടം പൊളിച്ചുമാറ്റുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. **2852/2016/തസ്വഭവ** തീയതി, തിരുവനന്തപുരം, **07.10.2016**

---

പരാമർശം : 1) സ.ഉ (സാധാ) നം. 1654/2015/തസ്വഭവ, തീയതി 01.06.2016.
2) ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 15.01.2016-ലെ 07/16-ാം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം.
3) പഞ്ചായത്ത് ഡയറക്ടറുടെ 14.07.2016-ലെ സി1-1946/2016 നം. കത്ത്.
4) തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയറുടെ 06.10.2016 ലെ ഡിബി5-10863/13/സിഇ/തസ്വഭവ. നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പിലാത്തറയിൽ നിലവിലുള്ള പഞ്ചായത്ത് സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ബഹു. കല്യാശ്ശേരി എം.എൽ.എ ശ്രീ. ടി.വി. രാജേഷ് അവർകളുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ, ടി ഇൻഡോർ സ്റ്റേഡിയം പണിയുന്നതിന് ഗ്രൌണ്ടിൽ നിലവിലുള്ള 15 വർഷം പഴക്കമുള്ള സ്റ്റേജ് കെട്ടിടം വിഘാതമായി നിൽക്കുന്നതിനാൽ ആയത് പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിലേയ്ക്കായി ടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (2) പ്രകാരമുള്ള തീരുമാനവും, തദ്ദേശ സ്വയംഭരണ എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടുത്തി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പിലാത്തറയിൽ നിലവിലുള്ള പഞ്ചായത്ത് സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ബഹു. കല്യാശ്ശേരി എം.എൽ.എ ശ്രീ. ടി.വി. രാജേഷ് അവർകളുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നിലവിൽ സ്റ്റേഡിയം ഗ്രൌണ്ടിലുള്ള 15 വർഷം പഴക്കമുള്ള സ്റ്റേജ് കെട്ടിടം വിഘാതമായി നിൽക്കുന്നതിനാൽ ടി കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സ്റ്റേജ് പൊളിക്കുമ്പോൾ കിട്ടുന്ന സാധന സാമഗ്രികൾ പുതിയ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ എം.കെ**
**ഗവ. ജോയിൻറ് സെക്രട്ടറി**

ശ്രീ. ടി.വി. രാജേഷ്. എം.എൽ.എ. കല്യാശ്ശേരി നിയോജകമണ്ഡലം, കണ്ണൂർ (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ. പൊതുമരാമത്ത് വകുപ്പ്. തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, പൊതുമരാമത്ത് വകുപ്പ്, കണ്ണൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
സെക്രട്ടറി. ചെറുതാഴം ഗ്രാമപഞ്ചായത്ത് കണ്ണൂർ.
ഡയറക്ടർ. ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം.ഇ-284/ഇപിഎ 3/2016)

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**